## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1773** **06.07.2015 ന് മറുപടിയ്ക്ക്**

### പുതിയ മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ<br>,, സി.കൃഷ്ണൻ<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കെ.കെ.നാരായണൻ :** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സമ്പൂർണ്ണ മദ്യനിരോധനം ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കുന്നുണ്ടോ; | (എ) | മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യ വർജ്ജനത്തിലൂന്നിയുള്ള 10 വർഷംകൊണ്ട് ഘട്ടം ഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും, മദ്യം, കേരളത്തിന്റെ സാമൂഹ്യ വിപത്തായി തുടരുകയാണ് എന്ന് ബോധ്യപ്പെട്ടുകയുണ്ടായി. ഇതിനെ തുടർന്നാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്. |
| (ബി) | പുതിയ സാഹചര്യത്തിൽ മദ്യനയത്തിൽ കാലോചിതമായ മാറ്റം വരുത്തുമെന്ന് സർക്കാർ കേരള ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ മാറ്റം സംബന്ധിച്ച് വിശദമാക്കാമോ; | (ബി) | ഇല്ല |
| (സി) | മദ്യനയം രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും തുടക്കം മുതലേ കെടുകാര്യസ്ഥതകളും പാളിച്ചകളും സംഭവിച്ചതായുള്ള വിമർശനം സർക്കാരിന്റെശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഉറച്ചതും ശാസ്ത്രീയവും സുതാര്യവുമായി ഒരു മദ്യനയവും അതിനനുസൃതമായ നടപടികളും സ്വീകരിക്കാൻ സർക്കാരിനുദ്ദേശ്യമുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | വ്യക്തമായ കാഴ്ചപ്പാടുള്ളതും ഉറച്ചതും സുതാര്യവുമായ ഒരു മദ്യനയംതന്നെയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**